# *സി.എം. മടവൂർ മഖാം*

**അമീർ ഒതുക്കുങ്ങൽ**

**കോ**ഴിക്കോട് ജില്ലയിലെ മടവൂർ എന്ന കൊച്ചുഗ്രാമത്തിൽ കുഞ്ഞിമാഹിൻകോയ മുസ്‌ലിയാരുടെയും ആയിശ ഹജ്ജുമ്മയുടേയും മകനായി 1929ലാണ് സി.എം. അബൂബക്കർ മുസ്‌ലിയാർ ജനിക്കുന്നത്. ഈ അബൂബക്കർ മുസ്‌ലിയാർ ഇന്ന് ''സി.എം. വലിയുല്ലാഹി'' എന്ന സ്ഥാനപ്പേരിൽ എത്തിനിൽക്കുമ്പോൾ അതിനിടയിലുള്ള ചരിത്രങ്ങൾ കെട്ടുകഥകളും അതിശയോക്തിയും അനിസ്‌ലാമികതയും നിറഞ്ഞതാണ്. അല്ലാഹുവിന്റെ ഔലിയാക്കൾ അല്ലാഹുവിനെ ഭയപ്പെട്ടും ഇസ്‌ലാമിക ശരീഅത്ത് മുറുകെപ്പിടിച്ചും ഇബാദത്ത് ചെയ്തു ജീവിക്കുന്നവരാണ്. എന്നാൽ അങ്ങനെ ജീവിച്ച ഒരു കാലഘട്ടം അബൂബക്കർ മുസ്‌ലിയാരുടെ ജീവിതത്തിൽ കടന്നു പോയിട്ടുണ്ട്. പക്ഷെ വിചിത്രമെന്ന് പറയട്ടെ ആ കാലഘട്ടത്തിലൊന്നും അബൂബക്കർ മുസ്‌ലിയാർ ഒരു ഔലിയ ആയി അവതരിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലുമൊരു ഇസ്‌ലാമിക നിയമത്തിന്റെ മേൽ കരിവാരിത്തേച്ചിട്ട് വേണമല്ലോ സമസ്തക്കാരുടെ ഔലിയക്ക് വിലായത്തിലേക്ക് പിച്ചവെച്ച് നടന്ന് തുടങ്ങാൻ. അബൂബക്കർ മുസ്‌ലിയാരും ആ പതിവ് തെറ്റിച്ചിട്ടില്ല. തികച്ചും ഒരു ഇസ്‌ലാമിക വിരുദ്ധ പ്രവർത്തനം നടത്തിക്കൊണ്ട് തന്നെയാണ് ടിയാനും വിലായത്തിലേക്ക് കാല് കുത്തിയത്.

മാന്യമായ രീതിയിൽ ഇദ്ദേഹം നടത്തിയിരുന്ന ദർസ് പൊടുന്നനെ പിരിച്ചുവിടുകയും കുടുംബ കാര്യങ്ങൾ അവഗണിക്കുകയും ചെയ്ത് കൊണ്ട് അബൂബക്കർ മുസ്‌ലിയാർ കുറേശ്ശെയായി വിലായത്ത് പ്രകടിപ്പിക്കാൻ തുടങ്ങി. യഥാർത്ഥത്തിൽ അബൂബക്കർ മുസ്‌ലിയാരിൽ ഈ മാറ്റം കണ്ടുതുടങ്ങിയത് പുലി മൊയ്തീൻ എന്ന ഒരു രാക്ഷസരൂപിയെ കണ്ടതിന് ശേഷമാണ്. ഉണ്ടക്കണ്ണും കപ്പടാമീശയും പുലിത്തോലും ധരിച്ച് കോഴിക്കോട് പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന പുലിമൊയ്തീന്റെ ജീവിതപശ്ചാത്തലം ആർക്കും അറിയില്ലായിരുന്നു. സമസ്ത മതക്കാരെ സംബന്ധിച്ച് അത് അറിയേണ്ടതുമില്ല. ഏതായാലും പുലിമൊയ്തീനുമായി ബന്ധം സ്ഥാപിച്ചതിന് ശേഷമായിരുന്നു അബൂബക്കർ മുസ്‌ലിയാർ വഷളായത് അഥവാ ഔലിയായത്. പിന്നീടങ്ങോട്ടുള്ള ജീവിതത്തിൽ ഇസ്‌ലാം കൽപിച്ച എല്ലാ കാര്യങ്ങളും സി.എം. ഉപേക്ഷിക്കാൻ തുടങ്ങി എന്നത് ചരിത്രം. നമസ്കരിക്കുക, നോമ്പ് നോൽക്കുക, സൽകർമ്മം ചെയ്യുക ഇതൊന്നും സി.എ. എമ്മിന്റെ ജീവിതത്തിൽ ഇല്ലായിരുന്നു എന്ന് അദ്ദേഹത്തിന്റെ കറാമത്ത് പുസ്തകം തന്നെ പറയട്ടെ:

''മമ്മൂട്ടി മൂപ്പന്റെ വീട്ടിലെ മൂന്ന് വർഷക്കാലത്തിനിടയിൽ ഒരുദിവസം മഗ്‌രിബും ഇശായും മാത്രമാണ് മൊയ്തീൻ സാഹിബ് നിസ്കരിച്ചത്..................ശൈഖുനയും (സി.എം) ഹാജ്യാരും ബാവു എന്ന അഹമ്മദ് കോയയും സാഹിബിനെ തുടർന്ന് നമസ്കരിക്കുകയും ചെയ്തു.'' *(മടവൂർ സി.എം. വലിയുല്ലാഹി പേജ്: 78)*

''ശൈഖുന നോമ്പ് നോറ്റിരുന്നില്ലെന്നതിന് പുറമെ പകൽ സമയത്ത് ചിലർക്ക് ബാക്കിയുള്ള ഭക്ഷണവും മറ്റും കൊടുത്ത് നോമ്പ് മുറിപ്പിക്കുകയും ചെയ്തിരുന്നു.'' *(അതേ പുസ്തകം പേജ്. 100)*

''ക്രമേണ ശൈഖുനക്ക് കുടുംബ ജീവിതത്തോട് വിരക്തി തോന്നിത്തുടങ്ങി. ഉമ്മയോടും ഭാര്യയോടും സംസാരിക്കാതെയായി'' *(അതേപുസ്തകം. പേജ് 60)*

‘‘അതിനിടയിൽ ശൈഖുന മലയമ്മ അബൂബക്കർ മുസ്‌ലിയാരെ കാണുവാൻ പോയി. തിരിച്ച് വന്നപ്പോഴേക്കും അവസ്ഥ ആകെ മാറി. സ്വശരീരത്തെ ഇരുമ്പ് കൊണ്ട് മർദ്ദിക്കുവാനും കിണറ്റിൽ ചാടുവാനും മറ്റും ശ്രമിച്ചു.’’ *(അതേ പുസ്തകം. പേജ്: 79)*

ഇങ്ങനെയിങ്ങനെ പോയാൽ സി.എമ്മിന്റെ കറാമത്ത് നിരവധിയാണ്. അല്ലാഹു കൽപിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും അല്ലാഹു വിരോധിച്ച കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുന്നവനാരോ അവനാണ് സമസ്തക്കാരന്റെ ഭാഷയിൽ ‘വലിയ്യ്.’ ഈ ‘ഗുണ’ങ്ങളെല്ലാം സി.എമ്മിലും ഉണ്ടായിരുന്നു എന്നത് നമ്മുടെ വാദമല്ല. അദ്ദേഹത്തിന്റെ പേരിൽ രചിക്കപ്പെട്ട കറാമത്ത്  പുസ്തകത്തിലെ വരികളിൽ ഉള്ളതാണ്. സി.എം. മൂത്രമൊഴിച്ചാൽ ശുദ്ധീകരിക്കാറില്ലായിരുന്നുവെന്നും താടിയും മീശയും വടിക്കാറുണ്ടായിരുന്നുവെന്നും സ്വർണ്ണത്തിന്റെ ആഭരണങ്ങൾ ധരിക്കാറുണ്ടായിരുന്നുവെന്നും വലിയ ആദരവോടെ തന്നെ ഇതിൽ എഴുതിവിട്ടിട്ടുണ്ട്. എത്രത്തോളം അനിസ്‌ലാമിക പ്രവർത്തനങ്ങൾ ചെയ്യുന്നുവോ അത്രത്തോളം ദറജ സമസ്തക്കാരന്റെ വലിയ്യിന്കൂടും എന്നതിന് ഈ പുസ്തകം സാക്ഷിയാണ്. യഥാർത്ഥത്തിൽ ആരാണ് അല്ലാഹുവിന്റെ വലിയ്യ് എന്നും വലിയ്യിനുണ്ടാവേണ്ട യോഗ്യത എന്തെന്നും ഇതേ പുസ്തകത്തിന്റെ അവതാരികയിൽ പറയുന്നുണ്ട്. അത് ഇങ്ങനെ വായിക്കാം:

‘‘അല്ലാഹുവിന്റെ കൽപ്പനകൾ പരമാവധി പാലിക്കുകയും നിരോധനങ്ങൾ പൂർണ്ണമായും വെടിയുകയും അനുവദനീയമായ സുഖാഡംബരങ്ങളിൽ നിന്നെല്ലാം മുക്തമായ സൂക്ഷ്മ ജീവിതം നയിക്കുകയും ചെയ്യുന്നത് മൂലം അല്ലാഹുവിന്റെ ഇഷ്ടവും സാമീപ്യവും സിദ്ധിച്ച വ്യക്തികളാണ് അല്ലാഹുവിന്റെ ഔലിയാക്കൾ’’ *(മടവൂർ സി.എം. വലിയുള്ളാഹി പേജ്: 7)*

പക്ഷെ ഈ പറഞ്ഞ ഒരു സ്വഭാവവും സി.എമ്മിന്റെ വിലായത്ത് ജീവിതത്തിൽ ഇല്ലായിരുന്നുവെന്ന് ഇതേ പുസ്തകം തന്നെയാണ് പിന്നീട് പറയുന്നത്. അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചതിനപ്പുറം വലിയ്യിനും കറാമത്തിനും പുതിയ നിർവ്വചനം നൽകിയവരാണ് സമസ്തക്കാർ. അതു കൊണ്ടു തന്നെ ഇവരുടെ ഔലിയക്ക് വേണ്ട മിനിമം യോഗ്യത അരപ്പിരി ലൂസുണ്ടായിരിക്കണം എന്നാണ്. മാത്രമല്ല ശരീഅത്തിന്റെ നിയമ നിർദ്ദേശങ്ങൾ പരമാവധി ലംഘിക്കുകയും വേണം. അത്തരത്തിലുള്ള ഭ്രാന്തന്മാർക്ക് മാത്രമേ സമസ്തക്കാർ വിലായത്ത് പട്ടം നൽകുകയുള്ളൂ. അല്ലാത്തവൻ എത്ര തഖ്‌വയുള്ളവനായാലും അവനെ ഔലിയയാക്കാൻ സമസ്തക്കാർക്ക് മടിയാണ്. സമസ്തക്കാരുടെ പണ്ഡിത നേതൃത്വത്തിൽ നിരവധിയാളുകൾ മരണപ്പെട്ടിട്ടുണ്ട്. അവരുടെയൊക്കെ വിശ്വാസം എന്തായിരുന്നാലും അഞ്ച് നേരം നിസ്കരിക്കുകയും നോമ്പ് നോൽക്കുകയും ചെയ്തവരായിരുന്നു. പക്ഷെ, അത്ഭുതമെന്ന് പറയട്ടെ അത്തരത്തിലുള്ളവരെ വലിയ്യാക്കാനോ, ജാറം കെട്ടാനോ വിളിച്ച് പ്രാർത്ഥിക്കാനോ സമസ്തക്കാർ തയ്യാറായിട്ടില്ല. എന്ത് കൊണ്ടാണത്? ഉത്തരം ലളിതം. അവരൊന്നും ഭ്രാന്തന്മാരായിരുന്നില്ല.

ഏതായാലും സി.എം. അബൂബക്കർ മുസ്ല്യാർ സംഭവബഹുലമായ മനോരോഗജീവിതത്തിനൊടുവിൽ മരണപ്പെടുകയുണ്ടായി. അതിന് ശേഷം നിറം പിടിപ്പിച്ച കള്ളക്കറാമത്ത് കഥകൾ ഇരു സമസ്തക്കാരും യഥേഷ്ടം പ്രചരിപ്പിക്കാൻ തുടങ്ങി. മടവൂരിലുള്ള സി.എം അതേ സമയം അമേരിക്കയിലും സൗദിയിലും അങ്ങനെ പലയിടങ്ങളിലും പ്രത്യക്ഷ്യപ്പെട്ടിരുന്നതായി സാക്ഷാൽ കാന്തപുരവും  പേരോടും പൊന്മളയും തന്നെയാണ് പറയുന്നത്. മാത്രമല്ല മുൻ കേന്ദ്രമന്ത്രി സി.എം ഇബ്രാഹീമിനെ മന്ത്രിയാക്കിയതും ആ മന്ത്രിപ്പണി തെറിപ്പിച്ചതും സി.എം. ആയിരുന്നുവത്രെ. മാത്രമല്ല ഭൂമിയിലുള്ളതെല്ലാം നിയന്ത്രിക്കുന്നതും സി.എം ആയിരുന്നു പോലും. ഭൂമിയിൽ മൊത്തം സമസ്തക്കാരായിരുന്നുവെങ്കിൽ അവരെ നിയന്ത്രിക്കാൻ ഇത് പോലെയുള്ള അരപ്പിരിയോ, മുഴുപ്പിരിയോ ഉള്ളവർ മതിയാകും. പക്ഷെ ഇവിടെ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്ന ലക്ഷക്കണക്കിനാളുകൾ ഉണ്ട്. അവരൊന്നും ഇത്തരം ഭ്രാന്തന്മാരുടെ സ്വാധീന വലയത്തിൽ പെടുകയോ അവരെ നിയന്ത്രിക്കാൻ ഇത്തരം ഭ്രാന്തമാർക്ക് സാധിക്കുകയോ ഇല്ലല്ലോ. സി.എമ്മിന്റെ ശവകുടീരം ഇന്ന് കേരളത്തിലെ ഏറ്റവും പണം കൊയ്യുന്ന ദർഗകളിൽ ഒന്നാണ്. അത് മുൻകൂട്ടി കണ്ടത് കൊണ്ടാവണം വിശ്വാസികളെ പരമാവധി ചൂഷണം ചെയ്യാൻ ഇരു സമസ്തക്കാരും മത്സരിക്കുന്നുണ്ട്. ഏതായാലും സി.എമ്മിന്റെ ശവകുടീരം  ലഭിച്ചത് ഇ.കെ വിഭാഗം സമസ്തക്കാർക്കാണ്. പക്ഷെ അത് കൊണ്ട് അണ്ടി പോയ അണ്ണാനെപ്പോലെയിരിക്കാൻ എ.പി സുന്നികൾ തയ്യാറായില്ല. ജാറത്തിലേക്ക് പോകുന്ന വഴിയേ സി.എം മഖാം

സെന്റർ എന്ന പേരിൽ ഒരു കെട്ടിടമുണ്ടാക്കി സി.എം ഇവിടെയും വരാറുണ്ടെന്ന പേരിൽ അവിടെയും പണപ്പിരിവ് നടത്തുന്നു എ.പി സമസ്തക്കാർ. സി.എം ജാറസുന്നികളും സി.എം സെന്റർ സുന്നികളും തമ്മിലുള്ള പാരയും പകയും ചിലപ്പോഴൊക്കെ നാം വായിക്കാറുണ്ട്. എന്തൊക്കെപ്പറഞ്ഞാലും ഇയാളുടെ ജാറത്തിലേക്കും ആളുകൾ കൂലം കുത്തിയൊഴുകുന്നുണ്ട്. പണം കുമിഞ്ഞ് കൂടുന്നുമുണ്ട്. അതിന് വേണ്ടി പടച്ചുണ്ടാക്കിയ കള്ളക്കറാമത്ത് കഥകളാണ് നാം മുകളിൽ വായിച്ചത്. പക്ഷെ, അതിൽ മിക്കതും ''ഹറാ''മത്ത് കഥകളാണ് എന്ന് മാത്രം. അല്ലാഹുവിന്റെ വലിയ്യും സമസ്തക്കാരന്റെ  വലിയ്യും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ  ഇവരുടെ ഏത് ഔലിയയുടെ ജീവിതം പരിശോധിച്ചാലും ഏത് ദർഗ്ഗകളുമായി ബന്ധപ്പെട്ട കഥകൾ വായിച്ചാലും നമുക്ക് കാണാം.